12-10-2026

Ruling

റൂളിങ്ങ്

മി. സ്പീക്കർ: 2026 സെപ്റ്റംബർ 17-ാം തീയതിയിലെ G.O. (Ms) 623/2026/H.ed ഉത്തരവുപ്രകാരം 2025-ലെ കേരള സ്വകാര്യ സർവ്വകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ നിയമസഭാ ചട്ടം 118 അനുസരിച്ച് പിൻവലിക്കുമെന്ന് പറഞ്ഞത് ക്രമവിരുദ്ധമാണ് എന്നതാണ് ശ്രീ. കെ. എൻ. ബാലഗോപാൽ, ശ്രീ. കെ. രാജൻ, ശ്രീ. പി. പ്രസാദ്, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 303 പ്രകാരം ഇവിടെ ഉന്നയിച്ചിരിക്കുന്നത്.

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്.

2025-ലെ കേരള സ്വകാര്യ സർവ്വകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ 15-ാം കേരള നിയമസഭയുടെ കാലയളവിൽ 25-03-2025-ന് സഭ പരിഗണനയ്ക്കെടുത്ത് പാസ്സാക്കുകയും 21-04-2025-ന് ഗവർണ്ണറുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തതാണ്.

Ruling

ഭരണഘടനയുടെ അനുച്ഛേദം 200-ലെ വ്യവസ്ഥകൾ പ്രകാരം ബഹുമാനപ്പെട്ട ഗവർണ്ണർ പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് നീക്കിവച്ചു. രാഷ്ട്രപതി ബില്ലിന് ഇതുവരെ അംഗീകാരം നൽകിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയം സംസ്ഥാന സർക്കാരിനോട് ബില്ലിലെ ചില വകുപ്പുകൾ സംബന്ധിച്ച് സ്പഷ്ടീകരണം തേടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത നിയമനിർമ്മാണവുമായി മുന്നോട്ടുപോകുന്നതിന് സർക്കാർ ഉദ്ദേശിക്കാത്തതിനാൽ ആയത് മടക്കി നൽകണം എന്ന് അഭ്യർഥിക്കുന്ന ഒരു പ്രമേയം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ചട്ടം 118 അനുസരിച്ചുള്ള പ്രമേയത്തിന് ബഹുമാനപ്പെട്ട മന്ത്രി നോട്ടീസ് നൽകിയതും ചെയർ അതിന് അനുമതി നൽകിയതും.

നിയമസഭയിൽ ഒരു ബിൽ അവതരിപ്പിക്കുക, ഭേദഗതി ചെയ്യുക, പാസ്സാക്കുക, പിൻവലിക്കുക എന്നിവ ഭരണഘടനാ വ്യവസ്ഥകൾ പ്രകാരവും നിയമസഭാ ചട്ടപ്രകാരവും ആയിരിക്കണം. ഒരു ബിൽ പിൻവലിക്കുന്നതിനുള്ള നടപടിക്രമം നിയസഭാ ചട്ടം 94-ൽ

പ്രതിപാദിക്കുന്നുണ്ട്. ബില്ലിന്റെ ഏതെങ്കിലും ഘട്ടത്തിൽ ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗത്തിന് -

(എ) ബില്ലിൽ ഉൾക്കൊള്ളുന്ന നിയമനിർമ്മാണ നിർദ്ദേശം വേണ്ടെന്നുവയ്ക്കണമെന്നോ; അഥവാ

(ബി) ബില്ലിനുപകരം അതിലെ വ്യവസ്ഥകൾക്ക് സാരമായ മാറ്റം വരുത്തുന്ന പുതിയ ബിൽ പിന്നീട് കൊണ്ടുവരാനുണ്ടെന്നോ; അഥവാ

(സി) ബില്ലിനുപകരം മറ്റുവ്യവസ്ഥകൾക്ക് പുറമേ അതിലെ എല്ലാ വ്യവസ്ഥകളും അല്ലെങ്കിൽ ഏതെങ്കിലും വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന മറ്റൊരു ബിൽ പിന്നീട് കൊണ്ടുവരാൻ ഉണ്ടെന്നോ ഉള്ള കാരണത്താൽ ബിൽ പിൻവലിക്കുന്നതിനുള്ള അനുവാദത്തിന് അഭ്യർഥിക്കാവുന്നതാണ്.

2025-ലെ കേരള സ്വകാര്യ സർവ്വകലാശാല (സ്ഥാപനവും, നിയന്ത്രണവും) ബിൽ രാഷ്ട്രപതിയുടെ പരിഗണനയിൽ ഇരിക്കുന്ന ഒന്നാകയാൽ നിലവിൽ നിയമസഭയുടെ മുമ്പാകെയുള്ള ബില്ലായി കണക്കാക്കാൻ കഴിയില്ല. അതാണ് ചട്ടം 94-ലെ വ്യവസ്ഥയിലെ വ്യത്യാസം.

Ruling

നിയമസഭാ ചട്ടം 96-ന്റെ വിശദീകരണത്തിൽ, 'ഭരണഘടന 200-ാം അനുച്ഛേദപ്രകാരം ഒരു സന്ദേശത്തോടുകൂടി ഗവർണ്ണർ തിരിച്ചയച്ച ബില്ലും' നിയമസഭ മുമ്പാകെ നിലവിലുള്ള ബിൽ ആയി പരിഗണിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ആയതിനാൽ രാഷ്ട്രപതി പ്രസ്തുത ബിൽ ഗവർണ്ണർ വഴി തിരിച്ചയച്ചാൽ മാത്രമെ നിയമസഭ മുമ്പാകെയുള്ള ബിൽ ആവുകയും അതിന്മേൽ നിയമസഭയ്ക്ക് മറ്റ് നടപടി സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ.

നിയസഭാ ചട്ടം 118 പ്രകാരം ഒരു മന്ത്രിക്ക് സാമാന്യമായി പൊതുതാൽപര്യമുള്ള ഒരു സംഗതിയെ സംബന്ധിച്ച് പ്രമേയം കൊണ്ടുവരാൻ കഴിയും. ചട്ടം 119-ൽ പ്രമേയത്തിന്റെ സ്വീകാര്യതയ്ക്കുള്ള വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയിട്ടുള്ള നോട്ടീസ് പ്രസ്തുത ചട്ടങ്ങൾക്ക് അനുസൃതമാണ്.

17-09-2026-ൽ പുറത്തിറക്കിയ ഉത്തരവിലൂടെ നിയമസഭ പാസ്സാക്കിയ ഒരു ബിൽ പിൻവലിക്കും (Shall be Withdrawn) എന്നു പറഞ്ഞത് ക്രമവിരുദ്ധമാണ്. ഒരു സർക്കാർ ഉത്തരവിലൂടെ ബിൽ പിൻവലിക്കുന്നതിന് കഴിയില്ല. ക്രമവിരുദ്ധമായ പ്രസ്തുത ഉത്തരവ് 10-10-

Ruling

2026-ലെ G.O. (Ms) 660/2026/H.Ed. നമ്പർ ഉത്തരവിലൂടെ റദ്ദാക്കിയിട്ടുണ്ട്. അതിൽ A resolution under Rule 118 of Rules of procedure shall be moved requesting to return the Kerala Private Universities (Establishment & Regulations) Bill, 2025 എന്ന് പുതിയ ഉത്തരവ് ഇറക്കിയ സാഹചര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ശ്രീ. കെ. എൻ. ബാലഗോപാൽ, ശ്രീ. കെ. രാജൻ, ശ്രീ. പി. പ്രസാദ് എന്നിവർ ഉന്നയിച്ച ക്രമപ്രശ്നം തള്ളുന്നു.

ചട്ടവിരുദ്ധമായ ഒരു നടപടി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട അംഗങ്ങളെ ചെയർ അഭിനന്ദിക്കുന്നു.